MR. PRESIDENT : മിക്കവാറും വരാവുന്ന ഉപചോദ്യങ്ങൾക്കുള്ള ഉത്തരംകൂടി പറയാൻ ഗവണ്മെൻറു മെംബറന്മാർ തയാറാകേണ്ടതാണു്. എന്നാൽ ചിലപ്പോൾ ചില ഉപചോദ്യങ്ങൾക്കു് പെട്ടെന്നു് മറുപടി പറയാൻ കഴിഞ്ഞില്ലെന്നു് വന്നേക്കും. അങ്ങനെയുള്ള സന്ദർഭങ്ങളിൽ നോട്ടീസ് വേണമെന്നു് അവർക്കു് അവകാശപ്പെടാവുന്നതാണു്.

## നെൽക്കൃഷി.

14 MR. E. P. PAULOSE: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു മാനപ്പെട്ട മന്ത്രി സഭയം മറുപടി പറയുമോ?

(എ) ഈ കൊല്ലം വനം കൃഷിയിൽനിന്നും മിഛ്റു ക്യൂറിഗേഷൻ പദ്ധതികൾ വികസിപ്പിച്ചിട്ടുള്ളതു നിമിത്തം കൂടുതലായി എത്ര മാത്രം നെല്ലു കിട്ടുമെന്നാണു് ഗവണ്മെൻറു് പ്രതീക്ഷിക്കുന്നതു്?

(ബി) ഇങ്ങനെ നെല്ലു് കൂടുതൽ ലഭിക്കുന്നതു നിമിത്തം ഭക്ഷ്യധാന്യനിയന്ത്രണം നീക്കുന്നതിനു സാധിക്കുമോയെന്നുള്ളതിനെപ്പറ്റി ഗവണ്മെൻറു് ആലോചിക്കുമോ?

HON'BLE MR. A. THANU PILLAI : (a) Ten Lakhs of paras of paddy.

(b) The matter is engaging the attention of Government.

## *Superintendent, State Transport.*

15. MR. T. K. NARAYANA PILLAI (*Parur II—General*): Will the Honourable Minister for Transport be pleased to state:

(*a*) whether an enquiry was conducted against Mr. Ramamurthy the present Director of the State Transport; and

(*b*) if so, the result of such enquiry and the action, if any taken or contemplated to be taken on the basis of such enquiry?

HON'BLE MR. T. M. VARGHESE : (എ) മി. രാമമൂർത്തിയുടെ പേരിൽ അന്വേഷണം നടത്തി റിപ്പോർട്ടു വാങ്ങിയിട്ടുണ്ടു്. (ബി) ആ റിപ്പോർട്ടു ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുകയും അതിനെപ്പറ്റി ചെയ്യേണ്ട തീരുമാനങ്ങൾ സംബന്ധിച്ചു് ഗവണ്മെൻറു് ആലോചിച്ചുവരുകയുമാണു്. അവസാനതീരുമാനം ആയിട്ടില്ല.

MR. T. K. NARAYANA PILLAI : എന്നാണു് റിപ്പോർട്ടു ഗവണ്മെൻറിലേക്കു് സമർപ്പിച്ചതെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. M. VARGHESE : റിപ്പോർട്ട് എത്ര തീയതിക്കാണ് സപ്ലൈചെയ്തതെന്ന് ഓർക്കുന്നില്ല. ഏകദേശം ഒരു മാസത്തിനുമുമ്പായിരിക്കുമെന്നു തോന്നുന്നു.

MR. T. K. NARAYANA PILLAI : ആ റിപ്പോർട്ടിന്റെ ഫൈൻഡിംഗ്സ സംക്ഷിപ്തമായിട്ടെങ്കിലും പറയാമോ?

HON'BLE MR. T. M. VARGHESE : ആ റിപ്പോർട്ടിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ ഒരു തീരുമാനത്തിൽ എത്തുന്നതിനുമുമ്പ് പരസ്യപ്പെടുത്തുന്നതു വിഹിതമായിരിക്കുകയില്ല.

MR. T. K. NARAYANA PILLAI : ആ റിപ്പോർട്ടിൽ മി. രാമമൂത്തിയെപ്പറ്റി പുറപ്പെടുവിച്ച ആരോപണങ്ങൾ സത്യമാണെന്നോ അതോ അടിസ്ഥാനരഹിതമാണെന്നോ എന്താണ് മി. ശങ്കരൻ പറഞ്ഞിരിക്കുന്നത്?

HON'BLE MR. T. M. VARGHESE : മി. രാമമൂത്തിയെപ്പറ്റി കാര്യമായ ആരോപണം ഒന്നും ഉണ്ടായിട്ടില്ല മി ശങ്കരനെ ഈ ജോലി ഏൽപ്പിച്ചതു്. ട്രാൻസ്പോർട്ടഡിപ്പാർട്ടുമെൻറിൽ നഷ്ടം ഉണ്ടായിട്ടുള്ളതായി കണ്ടു് എല്ലാ സംഗതികളും തിരക്കി അവിടെ ഉണ്ടായിട്ടുള്ള നഷ്ടം എത്രയെന്നും അതെങ്ങനെ ഉണ്ടായെന്നും ആ നഷ്ടം പരിഹരിക്കാനുള്ള മാർഗ്ഗങ്ങളെന്തെല്ലാമാണെന്നും ഇതിനുത്തരവാദികളാരെല്ലാമെന്നും മറ്റും കണ്ടുപിടിച്ചു് റിപ്പോർട്ടുചെയ്യുവാനാണ് മി. ശങ്കരനോടാവശ്യപ്പെട്ടിരുന്നതു്. അതിനു അദ്ദേഹം ഗവണ്മെൻറിലേക്കു്. ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടു്. അതിൽ മി. രാമമൂത്തി കുറ്റക്കാരനാണോ അല്ലയോ നഷ്ടപ്പെട്ട തുകയ്ക്കു് അദ്ദേഹം കുറ്റക്കാരനാണോ അല്ലയോ എന്നാണ് വിഷയം. ഇതുസംബന്ധിച്ചു് ഈ ഘട്ടത്തിൽ കൂടുതലായൊന്നും പ്രസ്താവിക്കുവാൻ നിവൃത്തിയില്ല.

MR. A. P. UDAYABHANU (*Karunagappally II—General*): എത്ര കാലത്തിനകം ഒരവസാനതീരുമാനം ഉണ്ടാകുമെന്നു പറയുവാൻ കഴിയുമോ?

HON'BLE MR. T. M. VARGHESE : കഴിയുന്നതും വേഗത്തിൽ ഒരവസാനതീരുമാനം ചെയ്യുന്നതാണെന്നു മാത്രമേ ഇപ്പോൾ പറയാൻ നിവൃത്തിയുള്ളൂ.

MR. A. P. UDAYABHANU: ഒരു മാസമായി റിപ്പോർട്ടുവന്നിട്ടു്, എന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ആ സ്ഥിതിക്കു് ഇതിനകം ഒരു തീരുമാനവും ചെയ്യുവാൻ ഗവണ്മെൻറിനു കഴിഞ്ഞിട്ടില്ലെങ്കിൽ ഒട്ടും

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. P. Udayabhanu]

കാലതാമസം വരുത്താതെ കഴിയുന്നതും വേഗത്തിൽ അതിനെപ്പറ്റി തീർച്ചചെയ്യേണ്ടതായിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : കഴിയുന്നതും വേഗത്തിൽ തീരുമാനം ചെയ്യുന്നതാണ്.

MR. P. KUNJUKRISHNAN (*Quilon II—General*) : നഷ്ടമുണ്ടോ ലാഭമുണ്ടോ എങ്ങനെയാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു്?

HON'BLE MR. T. M. VARGHESE : അങ്ങനെയൊന്നും പറയേണ്ട ആവശ്യമില്ല. നഷ്ടമുണ്ടെന്നറിയാം, പക്ഷെ എത്രയാണെന്നും എങ്ങനെ വന്നുവെന്നും കണ്ടുപിടിച്ചു റിപ്പോർട്ടുചെയ്യുന്നതിനാണ് മി: ശങ്കരനെ ചുമതലപ്പെടുത്തിയിരുന്നതു്.

MR. K. P. NILAKANTA PILLAI (*Chirayinkil I—General*) : What was the point on which the Commissioner was asked to report? I mean the terms of reference.

HON'BLE MR. T. M. VARGHESE ആവശ്യപ്പെടാതെതന്നെ ചില വിശദീകരണങ്ങൾ ഇവിടെ നൽകിയതിന്റെ അബദ്ധം ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു. ഞാൻ മുമ്പേ പറഞ്ഞുകഴിഞ്ഞു. നഷ്ടമുണ്ടായിട്ടുണ്ടെന്നു് ഗവണ്മെൻറിനറിയാം. അതെങ്ങനെയുണ്ടായി, ആരിൽനിന്നുണ്ടായി, അതു പരിഹരിക്കാനുള്ള മാർഗ്ഗങ്ങളേതെല്ലാമാണ് എന്നു കണ്ടുപിടിച്ചു റിപ്പോർട്ടുചെയ്യുവാനാണ് മി: ശങ്കരനോടാവശ്യപ്പെട്ടിരുന്നതു്.

MR. K. A. GANGADHARA MENON (*Nedumangad—I General*): മി. മാമൂത്തിയെ സംബന്ധിച്ചിടത്തോളം ഗൗരവതരമായ കുറ്റാരോപണങ്ങൾ ഉണ്ടെന്നു് ആ റിപ്പോർട്ടിൽനിന്നും ബഹുമാനപ്പെട്ട മന്ത്രിക്കു മനസിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : റിപ്പോർട്ടിന്റെ ഉള്ളടക്കം പരസ്യപ്പെടുത്താൻ നിവൃത്തിയില്ല. അതിനാൽ ആ റിപ്പോർട്ടിനെപ്പറ്റി—അതിലെ വിശദാംശങ്ങളെപ്പറ്റി—പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു പ്രസ്താവനയും ചെയ്യാൻ നിവൃത്തിയില്ല.

MR. K. P. NILAKANTA PILLAI : നഷ്ടം ഉണ്ടായിട്ടുണ്ടെന്നു റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. M. VARGHESE : അതിന്റെ ആവശ്യം ഇല്ല. നഷ്ടം എത്ര ഉണ്ടായി എന്നും എങ്ങനെയുണ്ടായി എന്നും അന്വേഷിക്കാനാണ് ആവശ്യപ്പെട്ടിരുന്നത്. അതുകൊണ്ട് നഷ്ടമുണ്ടായിട്ടുണ്ടോ ഇല്ലയോ എന്ന ഫൈൻഡിംഗ്സിന്റെ ആവശ്യംതന്നെ ഇല്ല.

MR. K. P. NILAKANTA PILLAI : എത്ര യുക നഷ്ടം വന്നു എന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ?

MR. PRESIDENT : അതു ആവശ്യമില്ല.

MR. A. P. UDAYABHANU : ഇപ്രകാരം ഒരു റിപ്പോർട്ട് ആവശ്യപ്പെടാനുള്ള കാരണമെന്താണ്?

HON'BLE MR. T. M. VARGHESE : നഷ്ടം ഉണ്ടായതുകൊണ്ട്.

MR. P. K. KUNJU (*Karunagappally II—Muslim*) : നഷ്ടമുണ്ടായതുകൊണ്ട് മി: രാമമൂർത്തിയുടെ പേരിൽ അന്വേഷണം നടത്താനുണ്ടായ കാരണമെന്താണ്?

HON'BLE MR. T. M. VARGHESE : മി: രാമമൂർത്തി ആ ഡിപ്പാർട്ടുമെന്റിന്റെ അദ്ധ്യക്ഷനായതുകൊണ്ട്.

*Quilon-Alleppey Line.*

16. MR. T. K. NARAYANA PILLAI: Will the Honourable Minister for Transport be pleased to state :

(*a*) whether the State Transport Department has applied for permission to run buses on the Quilon-Alleppey line;

(*b*) whether such permission has been given ; and

(*c*) if such permission has not been granted, the reasons for such refusal ?

HON'BLE MR. T. M. VARGHESE : (എ) അപേക്ഷിച്ചിട്ടുണ്ട്.

(ബി) ചോദിച്ചിട്ടുള്ള അനുവാദം ഇതുവരെ കൊടുത്തിട്ടില്ല.

(സി) അനുവാദം കൊടുക്കാതിരിക്കാനുള്ള കാരണം പെട്രോളിന്റെ ദൗർലഭ്യമാണ്.

MR. T. K. NARAYANA PILLAI : കൊല്ലം—ആലപ്പുഴ റൂട്ടിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിക്കുവാൻ അനുവദിച്ചസമയം പെട്രോളിന്റെ ലഭ്യതക്കുറവ് ഉണ്ടായിരുന്നില്ലേ?

HON'BLE MR. T. M. VARGHESE : അപ്പോഴും പെട്രോൾക്ഷാമം ഉണ്ടായിരുന്നു എങ്കിലും ജനങ്ങളുടെ സൗകര്യത്തെ ഉദ്ദേശിച്ച് എക്സ്പ്രസ്സ് ബസ്സുകൾ ഓടിച്ചു. അതിനശേഷം പെട്രോളിന്റെ നില വളരെ ഗുരു

LIBRARY ARCHIVES Kerala Legislative Assembly